## പതിനാലാം കേരളനിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *11 | 12.01.2021-ൽ മറുപടിയ്ക്ക് |
|---|---|

### അന്വേഷണ ഏജൻസികളെ വഴിതെറ്റിക്കാനുള്ള ശ്രമം

| ചോദ്യം<br>ശ്രീ. റ്റി . വി. രാജേഷ്<br>ശ്രീ . എം. നൗഷാദ്<br>ശ്രീ . കെ .ഡി .പ്രസേനൻ<br>ശ്രീ. കെ ദാസൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സ്വർണ്ണക്കള്ളക്കടത്ത് കേസിൽ അന്വേഷണ ഏജൻസികളെ വഴിതെറ്റിക്കാനായി കേന്ദ്രവിദേശകാര്യ സഹമന്ത്രി നിരവധി തവണ തന്റെ അധികാര പരിധി ലംഘിച്ചുകൊണ്ട് പരസ്യമായി ഇടപെട്ടു എന്ന ആക്ഷേപം പരിശോധിക്കാൻ തയ്യാറാകുമോ; | (എ) | കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തിൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഇടപെടാൻ കഴിയില്ല. എന്നാൽ അന്വേഷണം വഴിമാറുന്ന കാര്യം ബഹു.പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കോവിഡ് ഉൾപ്പെടെയുള്ള ദുരിത കാലത്ത് സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്താൻ ശ്രമിച്ച കേന്ദ്രവിദേശകാര്യ സഹമന്ത്രിയുടെ പ്രവർത്തനത്തെക്കുറിച്ച് പ്രധാനമന്ത്രിയെ ധരിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | കേന്ദ്ര പിന്തുണ ആവശ്യമായ കാര്യങ്ങൾ ബഹു. പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. |
| (സി) | കോവിഡ് ചികിത്സ സൗജന്യമായി നൽകുന്ന സംസ്ഥാനത്ത് കോവിഡ് വാക്സിനും സൗജന്യമായിരിക്കുമെന്ന സർക്കാരിന്റെ നിലപാടിനെ പ്രതിപക്ഷ കക്ഷികൾ വിമർശിച്ചിരുന്നോ; ഇത്തരത്തിൽ കേന്ദ്ര വിദേശകാര്യ സഹമന്ത്രിയും ഫെഡറൽ തത്വങ്ങളെ അവഹേളിക്കുന്ന രീതിയിൽ നിരുത്തരവാദപരമായ പ്രസ്താവന നടത്തിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (സി) | മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കോവിഡ് വാക്സിന് വിതരണം ചെയ്യുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് കോവിഡ് വാക്സിൻ എല്ലാപേർക്കും സൗജന്യമായി നൽകണമെന്നതാണ് സർക്കാർ തീരുമാനം. |

സെക്ഷൻ ഓഫീസർ